പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 982 | 12/12/2012-ൽ മറുപടിക്ക്

## ആദിവാസി കോളനികളിലെ യാത്രാ സൗകര്യത്തിന്റെ അഭാവം

ചോദ്യം | മറുപടി

ശ്രീ.വി.ചെന്താമരാക്ഷൻ : | കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ)<br><br>(ബി) | പറമ്പിക്കുളം തേക്കടി ആദിവാസി കോളനിയിലെ ആളുകൾക്ക് ദൈനംദിന കാര്യങ്ങൾക്ക് പോകാൻ യാത്രാ സൗകര്യം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>പഞ്ചായത്ത്, വില്ലേജ് തുടങ്ങിയ ആഫീസുകളിൽ പോകുന്നതിന് തമിഴ്നാട്ടിൽ കൂടി കിലോമീറ്ററുകൾ സഞ്ചരിച്ചാണ് എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഇല്ല. പറമ്പിക്കുളം തേക്കടി ആദിവാസി കോളനിയിലെ ആളുകൾക്ക് യാത്രാ സൗകര്യത്തിനായി ഗതാഗതയോഗ്യമായ ഫോറസ്റ്റ് റോഡ് നിലവിലുണ്ട്. തമിഴ്നാട്-സേത്തുമടയിലുള്ള തമിഴ്നാട് ഗവൺമെന്റിന്റെ ചെക്ക് പോസ്റ്റ് കടന്നു വേണം ടി റോഡിലെത്തിച്ചേരാൻ ആയതിലൂടെ സ്വകാര്യ വാഹനങ്ങൾ കടന്നുപോകണമെങ്കിൽ നിലവിൽ തമിഴ്നാട് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ആവശ്യമാണ്. |
| (സി) | തേക്കടി കോളനിയിലെ ആദിവാസി വിഭാഗക്കാർക്ക് | (സി) | ചെമ്മണാംപതിയിൽ നിന്നും തേക്കടിയിലേയ്ക്ക് വനഭൂമിയിലൂടെ 8 |

| | | | |
|---|---|---|---|
| | വനാവകാശ നിയമപ്രകാരം ചെമ്മണാമ്പതിയിൽ നിന്നും തേക്കടിയിലേക്ക് റോഡ് നിർമ്മിച്ച് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | | കി.മീറ്റർ ദൂരം ഉണ്ട്. ഫോറസ്റ്റ് റൈറ്റ്സ് ആക്ട് പ്രകാരം റോഡ് നിർമ്മിക്കുവാൻ സാധിക്കുകയില്ല. ഇത്രയും ദൂരം വന പ്രദേശത്തുകൂടി റോഡ് നിർമ്മിക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്. ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റിയുടെ ശുപാർശയോടെ കമ്മ്യൂണിറ്റി റൈറ്റായി റോഡ് നിർമ്മാണം അനുവദിച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ